भारत सरकार
भारत मौसम विज्ञानं विभाग
(पृथ्वी विज्ञानं मंत्रालय)
मौसम केंद्र
तिरुवनंतपुरम – ६९५०३३

दैनिक मौसम विवरण
DAILY WEATHER REPORT

GOVT. OF INDIA
INDIA METEOROLOGICAL DEPARTMENT
(MINISTRY OF EARTH SCIENCES)
METEOROLOGICAL CENTRE
THIRUVANANTHAPURAM - 695033

# ദൈനിക കാലാവസ്ഥാ വിവരണം

## കേരളം മാഹി ലക്ഷദ്വീപ്

**വ്യാഴം, 8 മേയ് 2025 | 18 വൈശാഖം 1947 (ശകവർഷം) | 25 മേടം 1200 (കൊല്ലവർഷം)**

**നിലവിലെ അന്തരീക്ഷ സാഹചര്യങ്ങൾ:** തെക്കൻ തെലങ്കാനയിൽ നിന്നു തുടങ്ങി റായലസീമ, തമിഴ്നാട് എന്നിവയിലൂടെ കടന്നു മാന്നാർ കടലിടുക്ക് വരെ ഒരു വടക്കു-തെക്കു ന്യൂനമർദ്ദ പാത്തി സമുദ്രോപരിതലത്തിൽ നിന്നും 0.9 കി മീ ഉയരത്തിൽ കാണപ്പെടുന്നു.

**തെക്കുപടിഞ്ഞാറൻ കാലവർഷം, മേയ് 13 ഓടെ ആൻഡമാൻകടലിന്റെ തെക്കുഭാഗത്തും തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ ചില ഭാഗത്തും കൂടാതെ നിക്കോബാർ ദ്വീപുകളിലും എത്തിച്ചേരാനാണ് സാധ്യത.**

**സംഗ്രഹം:** കേരളത്തിൽ ചില സ്ഥലങ്ങളിൽ മഴയുണ്ടായി. ലക്ഷദ്വീപിൽ വരണ്ട കാലാവസ്ഥ അനുഭവപെട്ടു. കനത്തമഴയുടെ അളവുകൾ സെൻറ്റിമീറ്ററിൽ : പിരപ്പൻകോട് (AWS) 7. മഴയുടെ മറ്റു പ്രധാന അളവുകൾ സെൻറ്റിമീറ്ററിൽ: പീരുമേട് 6, പുനലൂർ, റാന്നി (AWS), ചെങ്കുളം ഡാം (AWS), ആനയിറങ്കൽ ഡാം (AWS) 5 വീതം, പൂഞ്ഞാർ (AWS), കുണ്ടള ഡാം (AWS) 4 വീതം, കോഴിക്കോട്, മൂന്നാർ, പാലോട് (AWS) 3 വീതം, കോന്നി, കാഞ്ഞിരപ്പള്ളി, ഇടുക്കി, പൊന്നാനി, ളാഹ (AWS) 2 വീതം, കരിപ്പൂർ വിമാനത്താവളം , കുരുടാമണ്ണിൽ, തൊടുപുഴ, വെള്ളത്തൂവൽ (AWS) 1 വീതം. **(മാനചിത്രം- അനുബന്ധം I).**

കഴിഞ്ഞ 24 മണിക്കൂറിൽ കേരളത്തിൽ കൂടിയ താപനിലയിൽ വലിയ മാറ്റമുണ്ടായില്ല. എന്നിരുന്നാലും കോഴിക്കോട് ജില്ലയിൽ കൂടിയ താപനില സാധാരണയിലും വളരെ അധികമായിരുന്നു. തിരുവനന്തപുരം, കോട്ടയം, തൃശൂർ എന്നീ ജില്ലകളിൽ സാധാരണയിലും അധികമായിരുന്നു. മറ്റു ജില്ലകളിൽ ഇത് സാധാരണ നിലയിൽ തുടർന്നു. ഏറ്റവും കൂടിയ താപനിലയായ 37.4 ഡിഗ്രി സെൽഷ്യസ് കോഴിക്കോട് രേഖപ്പെടുത്തി.

### അടുത്ത ഏഴ് ദിവസത്തേക്കുള്ള കാലാവസ്ഥാപ്രവചനം (മാനചിത്രം–അനുബന്ധംII)

- **ഒന്നാം ദിവസം (8 മേയ് 2025):** കേരളത്തിലും ലക്ഷദ്വീപിലും ചില സ്ഥലങ്ങളിൽ മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്.
- **രണ്ടാം ദിവസം (9 മേയ് 2025):** കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്. ലക്ഷദ്വീപിൽ വരണ്ട കാലാവസ്ഥക്ക് സാധ്യതയുണ്ട്.

- **മൂന്നാം ദിവസം (10 മേയ് 2025):** കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്. ലക്ഷദ്വീപിൽ വരണ്ട കാലാവസ്ഥക്ക് സാധ്യതയുണ്ട്.
- **നാലാം ദിവസം(11 മേയ് 2025):** ലക്ഷദ്വീപിൽ ചില സ്ഥലങ്ങളിലും കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിലും മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്.
- **അഞ്ചാം ദിവസം (12 മേയ് 2025):** കേരളത്തിലും ലക്ഷദ്വീപിലും ചില സ്ഥലങ്ങളിൽ മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്.
- **ആറാം ദിവസം (13 മേയ് 2025):** കേരളത്തിലും ലക്ഷദ്വീപിലും ചില സ്ഥലങ്ങളിൽ മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്.
- **ഏഴാം ദിവസം (14 മേയ് 2025):** കേരളത്തിലും ലക്ഷദ്വീപിലും ചില സ്ഥലങ്ങളിൽ മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്.

### മേയ് 9, 2025 രാവിലെ വരെ പ്രാബല്യമുള്ള പ്രാദേശിക കാലാവസ്ഥാ പ്രവചനം:

തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും ആകാശം ഭാഗികമായി മേഘാവൃതമായിരിക്കും. ഒന്നോ രണ്ടോ തവണ മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ട്. കൂടിയ താപനില 34°C വരെ ആകാൻ സാധ്യതയുണ്ട്.

### അടുത്ത 7 ദിവസത്തേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ് :

- **ഒന്നാം ദിവസം** (**മേയ് 8, 2025**): കേരളത്തിൽ ചൂടും ആർദ്രതയേറിയതുമായ കാലാവസ്ഥയ്ക്കും, ഇടിമിന്നലിനും ശക്തമായ കാറ്റിനുമുള്ള മുന്നറിയിപ്പുകൾ ഉണ്ട്.
- **രണ്ടാം ദിവസം(മേയ് 9, 2025):** കേരളത്തിൽ ചൂടും ആർദ്രതയേറിയതുമായ കാലാവസ്ഥയ്ക്കും, ഇടിമിന്നലിനുമുള്ള മുന്നറിയിപ്പുണ്ട്.
- **മൂന്നാം ദിവസം (മേയ് 10, 2025):** മുന്നറിയിപ്പില്ല.
- **നാലാം ദിവസം(മേയ് 11, 2025):** മുന്നറിയിപ്പില്ല.
- **അഞ്ചാം ദിവസം (മേയ് 12, 2025):** കേരളത്തിൽ ഇടിമിന്നലിനും ശക്തമായ കാറ്റിനുമുള്ള മുന്നറിയിപ്പുണ്ട്.
- **ആറാം ദിവസം (മേയ് 13, 2025):** മുന്നറിയിപ്പില്ല.
- **ഏഴാം ദിവസം (മേയ് 14, 2025):** മുന്നറിയിപ്പില്ല.

### ചൂടും ആർദ്രതയേറിയതുമായ കാലാവസ്ഥാ മുന്നറിയിപ്പ് : മഞ്ഞജാഗ്രത (മാനചിത്രം - അനുബന്ധം III):

**മേയ് 8, 9** തീയതികളിൽ കൂടിയ താപനില പാലക്കാട് 37°C വരെയും തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 36°C വരെയും ഉയരാൻ സാധ്യതയുണ്ട്. ഉയർന്ന താപനിലയും ആർദ്രതയും കാരണം ഈ ജില്ലകളിലെ മലയോരമേഖലകളൊഴികെയുള്ള പ്രദേശങ്ങളിൽ, **മേയ് 8 നും 9 നും** ചൂടും ആർദ്രതയേറിയതുമായ കാലാവസ്ഥ അനുഭവപ്പെടാൻ സാധ്യതയുണ്ട്.

### ഇടിമിന്നൽ മുന്നറിയിപ്പ് (മാനചിത്രം അനുബന്ധം IV):

- **മെയ് 8, 12, 2025:** കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലിനും മണിക്കൂറിൽ 30 മുതൽ 40 കി.മീ വരെ വേഗതയുള്ള ശക്തമായ കാറ്റിനും സാധ്യതയുണ്ട്.
- **മെയ് 9, 2025:** കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലിനു സാധ്യതയുണ്ട്.

**കനത്തമഴ മുന്നറിയിപ്പ്:** മുന്നറിയിപ്പില്ല


**കാറ്റ് മുന്നറിയിപ്പ് (മത്സ്യത്തൊഴിലാളികൾക്ക്)((മാനചിത്രം– അനുബന്ധം V):**

| തീരം | മുന്നറിയിപ്പ് |
|---|---|
| **കർണാടക തീരം, കേരളതീരം** | മുന്നറിയിപ്പുകളില്ല |
| **ലക്ഷദ്വീപ് ഭാഗം** | മുന്നറിയിപ്പുകളില്ല |


**സൂചന: മറ്റ് തീരപ്രദേശങ്ങൾക്കും ആഴക്കടലിനും വേണ്ടിയുള്ള മുന്നറിയിപ്പുകൾക്കും, ഉയർന്ന തിരമാല മുന്നറിയിപ്പുകൾക്കും ഇംഗ്ലീഷ് ദൈനിക കാലാവസ്ഥാവിവരണം പരിശോധിക്കുക.**

(https://mausam.imd.gov.in/thiruvananthapuram/mcdata/dwr1.pdf)


**അനുബന്ധം I**





**അനുബന്ധം II**




**അനുബന്ധം III**


Maximum Temperature Warning for Kerala
കേരളത്തിനായുള്ള കൂടിയ താപനില മുന്നറിയിപ്പ്
DATE OF ISSUE 8-5-2025
VALID UPTO 9-5-2025
36
36
34
36
35
37
36
35
34
35
35
35
35
35
No Warning (No Action)
Watch (Be Updated)
Alert (Be Prepared)
Warning (Take Action)
ഉഷ്ണതരംഗ സാധ്യത
ചൂടും ഈർപ്പമേറിയതുമായ
അന്തരീക്ഷസ്ഥിതിക്ക് സാധ്യത

**അനുബന്ധം** IV


അടുത്ത അഞ്ചു ദിവസത്തേക്കുള്ള ഇടിമിന്നൽ ജാഗ്രതാ നിർദേശം
പ്രസിദ്ധീകരിച്ച തീയതി : 8-5-2025
Day 1 (8-5-2025)
ലക്ഷദ്വീപ് ഭാഗം
കേരളം
Day 2 (9-5-2025)
ലക്ഷദ്വീപ് ഭാഗം
കേരളം
Day 3 (10-5-2025)
ലക്ഷദ്വീപ് ഭാഗം
കേരളം
Day 4 (11-5-2025)
ലക്ഷദ്വീപ് ഭാഗം
കേരളം
Day 5 (12-5-2025)
ലക്ഷദ്വീപ് ഭാഗം
കേരളം
ഒറ്റപ്പെട്ട സ്ഥലങ്ങളിൽ
ഇടിമിന്നൽ സാധ്യത
കാറ്റോടുകൂടിയ ഇടിമിന്നൽ സാധ്യത
മുന്നറിയിപ്പില്ല
മുന്നറിയിപ്പ്
കാലാവസ്ഥ നിരീക്ഷണ കേന്ദ്രം
തിരുവനന്തപുരം

അനുബന്ധം V




**നീത കെ ഗോപാൽ**
**മേധാവി,**
**കാലാവസ്ഥാ നിരീക്ഷണകേന്ദ്രം,തിരുവനന്തപുരം**